# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## അന്തിമ രേഖ

*എറണാകുളം. ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്*

## *ഇൻറഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പദ്ധതി - ഇടപ്പള്ളി കനാൽ (പുറവങ്കര) വെറ്റ്വെൽ പമ്പിങ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ*

*ഡിസംബർ 10, 2024*

*അർത്ഥനാധികാരി*

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്
ജവഹർലാൽ നെഹ്രു സ്റ്റേഡിയ
ത്തിനു സമീപം, കലൂർ
എറണാകുളം

*ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ*

സ്പെഷ്യൽ തഹസിൽദാർ
എൽ.എ., നമ്പർ 1
സിവിൽ സ്റ്റേഷൻ
എറണാകുളം

*സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്*

രാജഗിരി കോളേജ് ഓഫ് സോഷ്യൽ
സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ -683104
ഫോൺ: 0484 2911330-332/2550785
rajagirisia@gmail.com
www.rajagiri.edu

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.5.1. സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം

3.1.1. പഠന സംഘം

3.4.1. പഠനത്തിനാവശ്യമായ വിവരങ്ങൾ, അവ ലഭ്യമായ സ്രോതസുകൾ

3.5.1. പഠനവുമായ് ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

3.5.1. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് കെ.എം .ആർ.എൽ. കാര്യാലയത്തിൽ നിന്നും ലഭിച്ച മറുപടികളും

7.6.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

**ചിത്രം**

1.2.1. പദ്ധതിപ്രദേശത്തിൻെറ സ്കെച്ച്

4.1.1. പദ്ധതിപ്രദേശം

# ആമുഖം

കേരളത്തിൽ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച സ്ഥാപനങ്ങളിലൊന്നാണ് എറണാകുളം ജില്ലയിലെ കളമശേരിയിൽ CMI തിരു ഹൃദയ പ്രോവിൻസിന്റെ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്. വിദ്യാഭ്യാസത്തോടൊപ്പം, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങൾ, പ്രത്യാഘാത വിലയിരുത്തൽ പഠന ങ്ങൾ തുടങ്ങിയവയും പ്രായോഗിക തലത്തിലുള്ള സാമൂഹ്യ പ്രവർത്തനങ്ങളും രാജഗിരി കോളേജ് നടപ്പിലാക്കിവരുന്നു. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകു പ്പിന്റെ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 13, നമ്പർ 2167 ൽ പസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 19/06/2024 തീയതിയിലെ വിജ്ഞാപനം നമ്പർ സി11-1034/23 പ്രകാരം എറണാകുളം ജില്ലയിലെ വാഴക്കാല വില്ലേജിൽ 134/7, 134/8 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഏകദേശം 0.1095 ഹെക്ടർ ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ഇൻറഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതി, ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ട്, RFCT LARR Act 2013 വകുപ്പ് 4(1) പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ന്റെ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യാ യം:7) ഉൾപ്പെടുത്തി കൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ.(ഫാ) സാജു എം.ഡി**
**പ്രിൻസിപ്പാൾ & ചെയർപേഴ്സൺ(SIA)**

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

വികസനത്തിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന കൊച്ചി നഗരം അനുഭവിച്ചു കൊണ്ടിരിക്കുന്ന വലിയ പ്രശ്നമാണ് വികസനത്തോടൊപ്പം കുമിഞ്ഞ് കൂടുന്ന മാലിന്യ ങ്ങളും, മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമാർജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും. കേരളത്തിൻെറ വ്യവസായ-സാമ്പത്തിക തലസ്ഥാനമായ കൊച്ചിയി ലേക്ക് തൊഴിൽ തേടി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുടിയേറുന്നവരുടെ എണ്ണം നാൾക്ക് നാൾ വർദ്ധിച്ചുവരുന്ന സാഹചര്യവും ഫ്ലാറ്റുകൾ ഉൾപ്പടെയുള്ള കെട്ടിടങ്ങൾ ധാരാളമായി നിലവിൽ വന്നതും, വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും കൊച്ചിയെ വികസന ത്തിലേക്ക് നയിക്കുന്ന അത്രയും ദ്രുതഗതിയിൽ തന്നെ മലിനീകരണത്തിലേക്കും കൊണ്ടെത്തിക്കുന്നു എന്നത് വാസ്തവമാണ്. കൊച്ചിയിലെ വീടുകളിലെയും ഫ്ലാറ്റുക ളിലെയും സെപ്റ്റിക് ടാങ്കുകളിൽ നിന്ന് ഉൾപ്പടെയുള്ള മലിനജലവും വ്യവസായ സ്ഥാപ നങ്ങളിലെ രാസവസ്തുക്കൾ ഉൾപ്പെടുന്ന മലിന ജലവും കനാലുകളിലേക്ക് ഒഴുകിയെ ത്തുന്നു.

കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള മെട്രോപോളിറ്റൻ പ്രദേശമാണ് കൊച്ചിയും അതിൻെറ ചുറ്റുപാടുമുള്ള പ്രദേശങ്ങളും ചേർന്ന മെട്രോപോളിറ്റൻ പ്രദേശം. കൊച്ചി യിലെ പേരണ്ടൂർ, ഇടപ്പള്ളി കനാലുകളിൽ മനുഷ്യവിസർജ്യത്തിൽ നിന്നുള്ള കോളിഫോം ബാക്റ്റീരിയകളുടെ ഏണ്ണം അപകടകരമായ വിധത്തിൽ വർദ്ധിച്ചതായി 28.02.2021 തീയതിയിലെ ഹിന്ദു ഇ പേപ്പറിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, സംസ്ഥാന പരിസ്ഥിതി വകുപ്പ്, സംസ്ഥാന ആരോഗ്യ-കുടുംബ ക്ഷേമ വകുപ്പ്, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, എറണാകുളം ജില്ലാകളക്ടർ, വിശാലകൊച്ചി വികസന അതോറിറ്റി എന്നിവരെ കക്ഷിചേർത്തുകൊണ്ട് ദേശീയ ഹരിത ട്രൈബ്യൂണൽ, സൗത്ത് സോൺ, ചെന്നൈ, സ്വമേധയാ കേസ് രജിസ്റ്റർ ചെയ്യുകയും, നിർദ്ദിഷ്ട പ്രശ്നം പഠിച്ച് ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കുന്ന പരിഹാര നടപടികളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 5 അംഗ സംഘത്തെ നിയോ

ഗിക്കുകയും ചെയ്തു. തുടർന്ന് കനാലുകളിൽ നടത്തിയ ജലത്തിൻെറ ഗുണനിലവാര പരിശോധനകളിൽ അപകടകരമായ വിധത്തിൽ ക്വാളിഫോം ബാക്ടീരിയകളുടെ സാന്നി ദ്ധ്യം കണ്ടെത്തുകയും, കനാലുകളുടെ പുനരുജ്ജീവനത്തിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.


ഇടപ്പള്ളി കനാൽ, മാർക്കറ്റ് കനാൽ, തേവര കനാൽ, തേവര-പേരണ്ടൂർ കനാൽ, ചിലവന്നൂർ തോട്, കോന്തുരുത്തി കായൽ എന്നീ 6 കനാലുകളുടെ പുനരുജ്ജീവനവും വികസനവും നടപ്പിലാക്കുന്നതിന് 12/02/2021 തീയതിയിലെ കേരള സംസ്ഥാന സർക്കാർ തീരദേശ ഷിപ്പിങ്ങ് ആൻറ് ഉൾനാടൻ ജല ഗതാഗത വകുപ്പിൻെറ ഉത്തരവ് G.O.(MS)No.01/2021/CSIND പ്രകാരം സംയോജിത നഗര പുനർജീവന ജലഗതാഗത പദ്ധതിക്ക് (IURWTS) രൂപം നൽകി. പ്രസ്തുത ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1528.27 കോടി രൂപ ചെലവഴിച്ചുകൊണ്ട് ടി പദ്ധതി നിർവ്വഹിക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊച്ചിയിലെ 5 കനാലുകളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കികൊണ്ട് കൊച്ചി കോർപ്പറേഷനിലെ 74 വാർഡുകൾ ഉൾക്കൊള്ളുന്ന 32.13 സ്ക്വയർ കിലോമീറ്റർ ദൂരത്തിലും കളമശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികളിലെ 11.81 സ്ക്വയർ കിലോമീറ്റർ ദൂര ത്തിലുമുള്ള വീടുകളിൽ നിന്നുള്ള മലിന ജലം ശുദ്ധീകരിച്ച് കനാലിലേക്ക് ഒഴുക്കുന്നതിന് 4 മലിന ജല ശുദ്ധീകരണ പ്ലാൻറുകളും അനുബന്ധ സൗകര്യങ്ങളും IURWTS പദ്ധതി യുടെ ഭാഗമായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പേരണ്ടൂർ, മുട്ടാർ, എളംകുളം, വെണ്ണല എന്നിവിടങ്ങളിലാണ് മലിനജല സംസ്കരണ പ്ലാൻറ് നിർമ്മിക്കുന്നത്. വെണ്ണല മലിനജല സംസ്കരണ പ്ലാൻറിന് ആവശ്യമായ 4 വെറ്റ് വെല്ലുകളിൽ, പുറവങ്കര സമീപം ഇടപ്പള്ളി കനാൽ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായിട്ടാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

## 1.2. പദ്ധതി പ്രദേശം

നിർദ്ദിഷ്ട പദ്ധതി പ്രദേശം തൃക്കാക്കര മുനിസിപ്പാലിറ്റി 2-ാം ഡിവിഷനിൽ ഉൾപ്പെ ടുന്നു. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ വാഴക്കാല വില്ലേജിലെ 134/7, 134/8 സർവ്വെ നമ്പറുകളിൽ നിന്നാണ് വെറ്റ്വെൽ നിർമ്മാണത്തിനായി ഭൂമി

ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത്. ടി സ്ഥലം കനാലിനോട് ചേർന്ന് കിടക്കുന്നു. പദ്ധതി പ്രദേശത്തിനടുത്ത് ജനവാസ മേഖലയാണ്.

***ചിത്രം 1.2.1. പദ്ധതിപ്രദേശത്തിൻെറ സ്കെച്ച്***




| | Re Survey No. | Extent (in Ares) | Remarks |
|---|---|---|---|
| | 134/7 Part | 10.50 | L.A. |
| | 134/8 Part | 0.45 | L.A. |
| | Total | 10.95 | |

## 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയ 19/06/2024 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നമ്പർ സി11-1034/23 ഫോറം നമ്പർ 4 വിജ്ഞാപന പ്രകാരം IURWTS പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ്വെൽ, പമ്പിങ് സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക1.3.1.ൽ നൽകിയിരിക്കുന്നു

**പട്ടിക1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

| ജില്ല | | എറണാകുളം |
|---|---|---|
| താലൂക്ക് | | കണയന്നൂർ |
| വില്ലേജ് | | വാഴക്കാല |
| സർവെ നമ്പർ | | 134/7, 134/8 |
| വിവരണം | | പുരയിടം |
| വിസ്തീർണ്ണം | 134/7 | 0.1050 |
| | 134/8 | 0.0045 |
| | ആകെ വിസ്തീർണ്ണം | ഏകദേശം 0.1095 ഹെക്ടർ |

*വാഴക്കാല വില്ലേജിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച് ഏറ്റെടുക്കുവാനായി വിജ്ഞാപനം ചെയ്തിരിക്കുന്ന ബ്ലോക്ക് നമ്പർ 8 ൽ 134/7, 134/8 സർവെ നമ്പറുകളുടെ ഉടമകൾ:*

| | | |
|---|---|---|
| 1 | 134/7 | 1. ബേബി തോമസ്, എട്ടുറുത്തിൽ വീട്, എളമക്കര<br>2. മോളി പി.ജോസ്, കടവിൽ വീട്, പള്ളിപ്പുറം |
| 2 | 134/8 | ലെവിൻ തോമസ്, എട്ടുറുത്തിൽ വീട്, എളമക്കര |

സർവ്വെ നമ്പറുകളുടെ സബ് ഡിവിഷൻ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തിനാൽ മേൽപറഞ്ഞ 3 ഉടമകളിൽ ഏറ്റെടുക്കപ്പെടുന്ന ഭൂമി കൈവശമായ ഉടമകൾ ആരാണെന്ന് വ്യക്തതയില്ല.

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പദ്ധതിയുടെ രൂപരേഖ പ്രകാരം പദ്ധതിയുടെ ക്യാച്ച്മെൻറ് പ്രദേശങ്ങളിൽ നിന്ന് ഗ്രാവിറ്റിക്ക് അനുസൃതമായി മലിനജലം ഒഴുകിയെത്തുന്നതിന് പ്രാപ്തമായ സ്ഥലങ്ങളാണ് വെറ്റ് വെൽ നിർമ്മാണത്തിനായി കണ്ടെത്തിയിരിക്കുന്നത് എന്നതിനാൽ പദ്ധതിക്കായി മറ്റ് മാർഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല എന്ന് അർത്ഥനാധികാരി അറിയിച്ചു.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

കൊച്ചിയിലെ കാനാലുകളും അവയുടെ കൈതോടുകളും മാലിന്യമുക്തമാക്കികൊണ്ട് കൊച്ചി കനാലുകൾ പുനർജീവിപ്പിക്കുന്നതിലൂടെ കായൽ ഗതാഗതം പുനരാരംഭിക്കുവാനും, അത് വഴി വിനോദസഞ്ചാര സാധ്യതകൾ വിപുലീകരിക്കുന്നതിനും കഴിയും. എന്നാൽ അതിലുപരിയായി ജനസാന്ദ്രതയും വികസനവും വർധിച്ചുകൊണ്ടിരിക്കുന്ന

കൊച്ചി മെട്രോപോളിറ്റൻ പ്രദേശത്ത് വർധിച്ച അളവിൽ രൂപീകൃതമാകുന്ന മാലിന്യങ്ങളും മലിനജലവും പ്രദേശത്തെ കനാലുകളെയും കൈതോടുകളെയും നിമിഷം പ്രതി മലിന മാക്കികൊണ്ടിരിക്കുന്ന അവസ്ഥയെ പ്രതിരോധിച്ചില്ലെങ്കിൽ അതിന്റെ ദൂഷ്യഫലങ്ങ ളിൽ നിന്ന് വിദൂരഭാവിയിലും വിമുക്തമാകുവാൻ കൊച്ചിയിലെ ജനങ്ങൾക്കും ജീവജാ ലങ്ങൾക്കും കഴിയില്ല എന്നത് നിസ്തർക്കമാണ്. ആയതിനാൽ മലിനജല ശുദ്ധീകരണ പ്ലാൻറുകൾ സ്ഥാപിച്ച് മലിന ജലം കനാലുകളിലേക്ക് ഒഴുകിയെത്തുന്നത് തടയുന്നത് കൊച്ചിയുടെ ഒരു അടിയന്തിര ആവശ്യമാണെന്ന് വിലയിരുത്തപ്പെടുന്നു.

എന്നിരുന്നാലും പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമയ്ക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങളും, പദ്ധതിയുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുള്ള ആശങ്കകളും പദ്ധതി യുടെ സാമുഹ്യ പ്രത്യാഘാതങ്ങളായി കണ്ട് ലഘൂകരിക്കപ്പെടേണ്ടതാണ്. വാഴക്കാല വില്ലേജിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്ന സർവ്വെ നമ്പറുകൾ 3 ഉടമകളുടെ കൈവശത്തിലുള്ളതാണെന്ന് മനസിലാക്കുന്നു. വില്ലേജിൽ നിന്ന് ലഭ്യമായ വിലാസത്തിൽ പ്രസ്തുത ഉടമകളെ ബന്ധപ്പെടുവാൻ എസ്.ഐ.എ .യൂണിറ്റ് നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ച തിന്റെ അടിസ്ഥാനത്തിൽ പഠനയൂണിറ്റ് മനസിലാക്കിയ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ പട്ടിക 1.5.1ൽ വിലയിരുത്തുന്നു

***പട്ടിക 1.5.1. സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനം***

| *ക്രമ നമ്പർ* | *പ്രത്യാഘാതം* | *വിശദീകരണം* |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ | കനാലിനോട് ചേർന്ന് കിടക്കുന്ന കൈവശ ഭൂമി ഉടമകൾക്ക് നഷ്ടമാകുന്നു |
| 2 | പദ്ധതിയുമായ് ബന്ധപ്പെട്ട് ഉണ്ടാകുവാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങ ളെക്കുറിച്ച് പരിസരവാസി കൾക്കുള്ള ആശങ്കകൾ | പദ്ധതി പ്രദേശം ജനവാസ മേഖലയായതിനാൽ വെറ്റ്വെല്ലിൽ ശേഖരിക്കപ്പെടുന്ന മലിന ജലം പരിസരപ്രദേശത്തുള്ള കുടിവെള്ളസ്രോതസുകൾ മലിനമാക്കിയേക്കാം എന്നും മലിനജലം ഒഴുകി യെത്തുന്ന പൈപ്പുകളിൽ തടസങ്ങളോ ചോർ ച്ചയോ ഉണ്ടായാൽ ദുർഗന്ധവും പരിസര മലിനീ കരണവും ഉണ്ടായേക്കാം എന്നും പരിസര വാസികൾ ആശങ്കപ്പെടുന്നു |

## 1.6. ലഘൂകരണ നടപടികൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരവും, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 ലെ ചട്ടങ്ങൾ പ്രകാരവും ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെയാണ് നിയമാനുസൃതമായി ഉടമയ്ക്ക് കൈവശഭൂമി നഷ്ടമാകുന്നത് മൂലമുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കപ്പെടുന്നത്. എന്നാൽ പട്ടിക 1.5.1ൽ പ്രതിപാദിച്ചിരിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിശകലനത്തിൻെറ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രത്യാഘാത ലഘൂകരണത്തിനായി ഇനി പറയുന്ന ശുപാർശകൾ കൂടി പരിഗണിക്കണമെന്ന് എസ്.ഐ.എ. യൂണിറ്റ് താൽപ്പര്യപ്പെടുന്നു.

- പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതിന് മുൻപ്, പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂവുടമയുടെ ആശങ്ക ദൂരീകരിക്കുന്നതിനും ജനപ്രതിനിധികൾ, പ്രദേശവാസികൾ ഉൾപ്പെടുന്ന റസിഡൻറ്സ് അസോസിയേഷൻ എന്നിവരുമായി സഹകരിച്ച് ജനങ്ങളുടെ ആശങ്കകൾ ദുരീകരിക്കുന്നതിനും പ്രഥമ പരിഗണന നൽകണം.
- പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങളും, പദ്ധതി നിർവ്വഹണത്തിനു ശേഷം തുടർനടത്തിപ്പിനും അറ്റകുറ്റപണികൾക്കും മേൽനോട്ടത്തിനും കൈക്കൊള്ളുവാൻ തീരുമാനിക്കപ്പെട്ടിട്ടുള്ള നടപടികളെക്കുറിച്ചും പരിസരവാസികൾക്കും ജനപ്രതിനിധികൾക്കും കൃത്യമായ വിവരം നൽകണം.
- പ്രദേശത്തിൻെറ പരിസ്ഥിതിക്കും, സ്വസ്ഥമായ ജനവാസത്തിനും ഭംഗം നേരിടാത്ത വിധത്തിൽ ശാസ്ത്രീയമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ്വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷണവും, പരിപാലനവും, കാലാകാലങ്ങളിൽ വേണ്ടി വരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവ്വഹിക്കപ്പെടുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നു എന്ന് പദ്ധതി നിർവ്വാഹകർ ഉറപ്പ് വരുത്തേണ്ടതാണ്.

# അദ്ധ്യായം 2
# പഠനത്തിൻെറ വിശദ വിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കൊച്ചിയുടെ വിവിധ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത ഗതാഗതം നടപ്പിലാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് റെയിൽ–റോഡ്–ജല ഗതാഗതങ്ങളെ ഏകോപിപ്പിച്ച് കൊച്ചി–മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കൊച്ചി–മെട്രോ റെയിൽ ലിമിറ്റഡ് കമ്പനി കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭമാണ്. കൊച്ചിയിലെ കാനാലുകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട്, കനാലുകളുടെ വികസനവും ജലഗതാഗതം നടപ്പിലാക്കുവാനും കൊച്ചി മെട്രോ ഉദ്ദേശിക്കുന്നു. ഇടപ്പള്ളി കനാൽ, മാർക്കറ്റ് കനാൽ, തേവര കനാൽ, തേവര–പേരണ്ടൂർ കനാൽ, ചിലവന്നൂർ തോട്, കോന്തുരുത്തി കായൽ എന്നീ 6 കനാലുകളുടെ പുനരുജ്ജീവനവും വികസനവും നടപ്പിലാക്കുന്നതിന് 12/02/2021 തീയതിയിലെ കേരള സംസ്ഥാന സർക്കാർ തീരദേശ ഷിപ്പിങ്ങ് ആൻറ് ഉൾനാടൻ ജല ഗതാഗത വകുപ്പിൻെറ ഉത്തരവ് G.O.(MS)No. 01/ 2021/CSIND പ്രകാരം സംയോജിത നഗര പുനർജീവന ജലഗതാഗത പദ്ധതിക്ക് (IURWTS) രൂപം നൽകി. പ്രസ്തുത ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1528.27 കോടി രൂപ ചെലവഴിച്ചുകൊണ്ട് ടി പദ്ധതി നിർവ്വഹിക്കുന്നതിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. സംയോജിത നഗര പുനർജീവന ജലഗതാഗത പദ്ധതിയുടെ ഭാഗമായി 4 മലിന ജല സംസ്ക്കരണ പ്ലാൻറുകളും അനുബന്ധ സൗകര്യങ്ങളായ വെറ്റ്വെല്ലുകളും നിർമ്മിക്കുന്നു.

വെണ്ണല മലിനജല സംസ്കരണ പ്ലാൻറിന് വേണ്ടി ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ് വെൽ നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ.നമ്പർ 1 എറണാകുളം ആണ്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് (ബി) (iv) "മഴവെള്ളക്കൊയ്ത്ത്, ജലസംരക്ഷണ സംവിധാനങ്ങൾ, ശുചീകരണം എന്നിവയ്ക്കായുള്ള പ്രോജക്ട്" പൊതു ആവശ്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കൊച്ചിയിലെ കനാലുകളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി RFCTLARR Act 2013 ലെ വകുപ്പ് 2(b) പ്രകാരം ഒരു പൊതു ആവശ്യമാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയ 2024 ജൂൺ 19 തീയതിയിലെ എറണാകുളം ജില്ലാകളക്ടറുടെ നമ്പർ സി 11–1034/23 ഫോറം 4 വിജ്ഞാപനപ്രകാരം IURWTS പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ്വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഏകദേശം 0.1095 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. വെണ്ണല മലിന ജല ശുദ്ധീകരണ പ്ലാൻറിനു വേണ്ടിയുള്ള 4 വെറ്റ് വെല്ലുകളിൽ ഒന്ന് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

കേരള സംസ്ഥാന സർക്കാർ തീരദേശ ഷിപ്പിങ്ങ് ആൻറ് ഉൾനാടൻ ജല ഗതാഗത വകുപ്പിൻെറ ഉത്തരവ് G.O.(MS)No.01/2021/CSIND പ്രകാരം സംയോജിത നഗര പുനർജീവന ജലഗതാഗത പദ്ധതിക്ക് (IURWTS) 1528.27 കോടി രൂപ ചെലവഴിക്കുവാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. വെണ്ണല മലിനജല സംസ്ക്കരണ പ്ലാൻറ് നിർമ്മാണ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ പ്രകാരം വെണ്ണല മലിനജല സംസ്ക്കരണ പ്ലാൻറിൻെറ അനുബന്ധ സംവിധാനങ്ങളായ വെറ്റ് വെല്ലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലിന് 14.83 കോടി രൂപ ഉൾപ്പടെ പ്ലാൻറും വെറ്റ് വെല്ലുകളും പമ്പിംഗ്

സ്റ്റേഷനുകളും നിർമ്മിക്കുന്നതിന് പ്രതീക്ഷിത ചെലവായി കണക്കാക്കിയിരിക്കുന്നത് 465.68 കോടി രൂപയാണ്.

## 2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

പദ്ധതിയുടെ രൂപരേഖ പ്രകാരം പദ്ധതിയുടെ ക്യാച്ച്മെൻറ് പ്രദേശങ്ങളിൽ നിന്ന് ഗ്രാവിറ്റിക്ക് അനുസൃതമായി മലിനജലം ഒഴുകിയെത്തുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളാണ് വെറ്റ്വെൽ നിർമ്മാണത്തിനായി കണ്ടെത്തിയിരിക്കുന്നത് എന്നതിനാൽ പദ്ധതിക്കായി മറ്റ് മാർഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല എന്ന് അർത്ഥനാധികാരി അറിയിച്ചു

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കും.

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

പ്രസ്തുത വെറ്റ് വെല്ലിന് 4 മുതൽ 7 മീറ്റർ വരെ വ്യാസവും, 4 മീറ്റർ മുതൽ 7 മീറ്റർ വരെ ആഴവും പ്രതീക്ഷിക്കുന്നു. കൂടാതെ അനുബന്ധ പമ്പുകളും ഉപകരണങ്ങളും മറ്റ് ആധുനിക സാമഗ്രികളും സ്ഥാപിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളും പദ്ധതി പ്രദേശ ത്ത് ഒരുക്കുന്നതായിരിക്കും. വെറ്റ് വെൽ കം പമ്പിങ്ങ് സ്റ്റേഷൻെറ വിശദമായ അന്തിമ രൂപരേഖ തയ്യാറാക്കികൊണ്ടിരിക്കുകയാണെന്ന് അർത്ഥനാധികാരി അറിയിച്ചു.

## 2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി പ്രദേശം ജനവാസസ്ഥലങ്ങളോട് ചേർന്ന് കിടക്കുന്നതിനാൽ അതീവ ജാഗ്രത യോടു കൂടെ പദ്ധതി നടപ്പിലാക്കണം. ആയതിനാൽ പദ്ധതിയുടെ തുടർനടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥിരമായ നിരീക്ഷണവും, മേൽനോട്ടവും, അറ്റകുറ്റപണികളും ആസൂത്രണം ചെയ്ത് പദ്ധതി നിർവ്വഹണം നടപ്പിലാക്കണം.

## 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് പദ്ധതിയെക്കുറിച്ച് പരിജ്ഞാനവും ഇത്തരം നിർമ്മാണങ്ങളിൽ അനുഭവ സമ്പത്തുമുള്ള കരാറുകാരനെ കൊച്ചി മെട്രോ ലിമിറ്റഡ് നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം, കരാറുകാ രൻ തയ്യാറാക്കുന്ന വർക്ക്ഷെഡ്യൂൾ എന്നിവ കൊച്ചി മെട്രോയുടെ കനാൽ പ്രോജക്ട് വിഭാഗം വിലയിരുത്തുകയും പദ്ധതിയുടെ കാര്യക്ഷമമായ നിർമ്മാണവും സമയാധിഷ്ഠിത

പൂർത്തീകരണ സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. വെണ്ണല മലിന ജല നിർമ്മാണ പദ്ധതിക്ക് വേണ്ടി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി യിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

IURWTS പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വെണ്ണല മലിനജല സംസ്കരണ പ്ലാൻറിന് വേണ്ടി ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എറണാകുളം ജില്ലയിലെ വാഴക്കാല വില്ലേജിൽ നിന്ന് ഏകദേശം 0.1095 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമായ നിയമങ്ങളും നയങ്ങളും താഴെ പറയുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പ്രകാരമുള്ള നയം
4. പരിസ്ഥിതി സംരക്ഷണ നിയമം

# അദ്ധ്യായം 3
# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

IURWTS പദ്ധതിയുടെ ഭാഗമായി ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എറണാകുളം ജില്ലയിലെ വാഴക്കാല വില്ലേജിൽ നിന്ന് ഏകദേശം 0.1095 ഹെക്ടർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി, കൊച്ചിയെ ചുമതലപ്പെടുത്തിക്കൊണ്ട് എറണാകുളം ജില്ലാകളക്ടറുടെ 19/06/2024 തീയതിയിലെ നമ്പർ സി11-1034/23 വിജ്ഞാപനം 2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ പഠന സംഘം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

## 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത/പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 3 | ഡോ.ഫാ.ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക ളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീനകുരുവിള | എം.എസ്.ഡബ്ല്യു. കൺസൾട്ടൻറ് | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | മരിയ ടെൻസി വി.എസ്. | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം |
| 7 | വിനയൻ വി.എസ്. | എം.എസ്.ഡബ്ല്യു റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 24 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിൽബിൻ കെ.വിത്സൺ | ബി.എസ്.സി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തന പരിചയം |

## 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത ഭൂമിയുടെ ഉടമയുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും വാഴക്കാല വില്ലേജ് ഓഫീസിൽ നിന്ന വിവരശേഖരണം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 11/07/2024

തീയതിയിൽ അർത്ഥനാധികാരിയുടെ പ്രതിനിധിയൊന്നിച്ച് പദ്ധതിബാധിത പ്രദേശം സന്ദർശിച്ചു. ഭൂവുടമകളുടെ വിവരങ്ങൾ പദ്ധതി പ്രദേശത്ത് നിന്ന് കിട്ടാതെ വന്ന സാഹചര്യത്തിൽ വാഴക്കാല വില്ലേജിൽ നിന്ന് ലഭിച്ച വിലാസങ്ങളിൽ 8/8/2024 തീയതിയിൽ ഉടമകൾക്ക് 4(1) ഗസറ്റ് വിജ്ഞാപനം ഉൾപ്പടെ രജിസ്റ്റേർഡ് തപാൽ അയച്ചു. ഒരു ഭൂവുടമ തപാൽ കൈപ്പറ്റി അക്നോളജ്മെൻറ് കാർഡ് തിരികെ അയച്ചു എങ്കിലും എസ്.ഐ.എയൂണിറ്റ് നൽകിയ ഫോൺനമ്പറുകളിലോ വിലാസത്തിലോ തിരികെ ബന്ധപ്പെട്ടില്ല. ഒരു ഉടമയെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് രേഖപ്പെടുത്തി തപാൽ മടക്കി ലഭിച്ചു. ആയതിനാൽ ഭൂവുടമകളെ ബന്ധപ്പെടുവാനോ വിവരശേഖരണം നടത്തുവാനോ എസ്.ഐ.എ.യൂണിറ്റിന് കഴിഞ്ഞിട്ടില്ല.

പദ്ധതിബാധിത പ്രദേശം ഉൾക്കൊള്ളുന്ന തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ 2 ൻെറ കൗൺസിലറുമായി നടത്തിയ ചർച്ചയിൽ ജനവാസമേഖലയായ പ്രദേശത്ത് ശുചിമുറി മാലിന്യം കൈകാര്യം ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് പ്രദേശവാസികൾക്ക് വളരെയധികം ആശങ്കയുണ്ടെന്നും ആയതിനാൽ റെസിഡെൻഷ്യൽ അസോസിയേഷൻ ഭാരവാഹികളെക്കൂടി പഠനവുമായി ബന്ധപ്പെട്ട നടപടികളിൽ ഉൾപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു. തുടർന്ന് റെസിഡെൻഷ്യൽ അസോസിയേഷൻ ഭാരവാഹികളെ ബന്ധപ്പെട്ട് പഠനസംഘം അവരുടെ അഭിപ്രായങ്ങൾ ശേഖരിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റി സന്ദർശിച്ച് ചെയർപേഴ്സണിൽ നിന്നു ബന്ധപ്പെട്ടും പഠന സംഘാംഗം അഭിപ്രായങ്ങൾ ആരാഞ്ഞു. പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കുകയും ഏജൻസിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും, തൃക്കാക്കര മുനിസിപ്പാലിറ്റി കാര്യാലയം, വാഴക്കാല വില്ലേജ് കാര്യാലയം, കണയന്നൂർ താലൂക്ക് കാര്യാലയം എന്നിവിടങ്ങളിൽ കരട് രേഖ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഒരിക്കൽ കൂടി ഭൂവുടമയുടെ വിലാസത്തിൽ രജിസ്റ്റേർഡ് കത്തയച്ചും, ജനപ്രതിനിധിക്ക് അറിയിപ്പ് നൽകിയും, 2 ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തിയും, തൃക്കാക്കര മുനിസിപ്പാലിറ്റി ഹാളിൽ നടത്തിയ പബ്ലിക് ഹിയറിങ്ങിൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികളും, റെസിഡൻഷ്യൽ അസോസിയേഷൻ പ്രതിനിധികളും പങ്കുവെച്ച അഭിപ്രായങ്ങളും ആശയങ്ങളും കൂടി പഠനത്തിൻെറ പ്രാഥമിക വിവരങ്ങളായി കൂട്ടിച്ചേർത്തുകൊണ്ടാണ് അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ കൊച്ചി മെട്രോ ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ കൊച്ചി മെട്രോ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതി പ്രദേശത്തിൻെറ ഉടമകളുടെ എണ്ണം 3 ആയതിനാൽ മാതൃകാപരിശോധനാ രീതിയ്ക്ക് പ്രസക്തിയില്ല

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

***പട്ടിക 3.4.1. പഠനത്തിനാവശ്യമായ വിവരങ്ങൾ, അവ ലഭ്യമായ സ്രോതസുകൾ***

| ***പഠനത്തിനാവശ്യമായ വിവരങ്ങൾ*** | ***വിവരങ്ങൾ ലഭിച്ച സ്രോതസുകൾ*** |
|---|---|
| ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ കൈവശാവകാശികൾ | വില്ലേജിലെ രേഖ പ്രകാരമുള്ള വിവരങ്ങൾ |
| ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ആസ്തികൾ, നിലവിലെ ഉപയോഗം മുതലായവ | പദ്ധതി പ്രദേശത്ത് സന്ദർശനം |
| ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ സർവെ നമ്പർ, തരം ഭൂമി ഉൾപ്പെടുന്ന താലൂക്ക്, വില്ലേജ്, ഏകദേശ അളവ് | ഡെപ്പ്യൂട്ടി കളക്ടർ കൊച്ചി മെട്രോ കാര്യാലയത്തിൽ നിന്ന് ലഭിച്ച ഫോറം (4) വിജ്ഞാപനം |
| പ്രദേശത്ത് നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ | കൊച്ചി മെട്രോ ലിമിറ്റഡ് കാര്യാലയത്തിൽ നിന്ന് |
| പദ്ധതിയെക്കുറിച്ച് പ്രദേശവാസികൾക്കുള്ള ആശങ്കകളും അഭിപ്രായങ്ങളും | പ്രദേശത്തെ ജനപ്രതിനിധിയിൽ നിന്നും റെസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളിൽ നിന്നും |

## 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് എസ്.ഐ.എ.പഠനസംഘം നടത്തിയ പ്രവർത്തനങ്ങൾ പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു

***പട്ടിക 3.5.1. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ***

| *പ്രവർത്തനങ്ങൾ* | *തീയതി* |
|---|---|
| ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം കാര്യാലയത്തിൽ നിന്ന് വിവരശേഖരണം | 06/07.2024 |
| കെ.എം.ആർ.എൽ. പ്രതിനിധിയൊന്നിച്ച് പദ്ധതിപ്രദേശം സന്ദർ ശനം | 11/07/2024 |
| കൊച്ചി മെട്രോ ലിമിറ്റഡ് കാര്യാലയത്തിൽ ഡെപ്പ്യൂട്ടി ജനറൽ മാനേജരുമായി (കനാൽ പ്രോജക്ട്) കൂടികാഴ്ച്ച | 11/07/2024 |
| ജപ്രതിനിധിയുമായി ടെലിഫോണിൽ അഭിമുഖം | 17/07/2024 |
| റെസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളെ ടെലഫോണിൽ ബന്ധപ്പെട്ട് വിവരശേഖരണം | 22/07/2024 |
| തൃക്കാക്കര മുനിസിപ്പൽ ചെയർപേഴ്സണുമായി കൂടികാഴ്ച്ച | 25/07/2024 |
| വാഴക്കാല വില്ലേജിൽ നിന്ന ലഭിച്ച വിലാസത്തിൽ ഭൂവുടമകൾക്ക് രജിസ്റ്റേർഡ് തപാൽ അയച്ചു | 08/08/2024 |
| ഭൂവുടമയ്ക്കും പ്രദേശത്തെ ജനപ്രതിനിധിക്കും, മുനിസിപ്പൽ ചെയർ പേഴ്സണും റെസിഡൻഷ്യൽ അസോസിയേഷൻ പ്രതിനിധികൾക്കും അറിയിപ്പ് നൽകികൊണ്ടും, 2 ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തികൊണ്ടും തൃക്കാക്കര മുനിസിപ്പൽ ഹാളിൽ പബ്ലിക് ഹിയറിങ്ങ് | 10/11/2024 |

മലിനജല സംസ്ക്കരണ പ്ലാൻറുകളുടെ അനുബന്ധ സംവിധാനമായി തൃക്കാക്കര മുനിസിപ്പാലിറ്റി പ്രദേശത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 2 വെറ്റ് വെല്ലുകളുടെ (ഇടപ്പള്ളി കനാൽ (മൂലേപ്പാടം റോഡ്), ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി 10/10/2024 തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് തൃക്കാക്കര മുനിസിപ്പാലിറ്റി ഹാളിൽ പബ്ലിക് ഹിയറിങ്ങുകൾ നടത്തി. ശ്രീമതി. മീന കുരുവിള, കൺസൾട്ടൻറ്, എസ്.ഐ.യൂണിറ്റ് പബ്ലിക് ഹിയറിങ്ങുകളുടെ ഉദ്ദേശ്യത്തെക്കുറിച്ച് വിവരിച്ചു. ശ്രീമതി മരിയ ടെൻസി, റിസേർച്ച് അസോസിയേറ്റ്, എസ്.ഐ.യൂണിറ്റ് പഠനങ്ങളുടെ കരട് രേഖകൾ അവതരിപ്പിച്ചു. തുടർന്ന് കെ.എം. ആർ.എൽ. ഡെപ്പ്യൂട്ടി മാനേജർ ശ്രീ

എൽദോ വർഗീസ് വെറ്റ്വെൽ നിർമ്മാണ പദ്ധതികളെക്കുറിച്ച് വിശദമായ ഒരു വിവരണം നൽകി. പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ച തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴസൺ ശ്രീമതി. രാധാമണി പൊതുജനങ്ങളുടെ ആശങ്കകൾ അകറ്റി, പൊതുജനങ്ങൾക്ക് ഉപദ്രവമാകാത്ത വിധത്തിൽ പദ്ധതി നടപ്പിലാക്കണം എന്ന് അഭിപ്രായപ്പെട്ടു. പൊതുമരാമത്ത് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. സോമി റെജിയും, ക്ഷേമ കാര്യ കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. സുനീറ ഫിറോസും പൊതു ജനങ്ങൾക്ക് എന്നതുപോലെ തങ്ങൾക്കും പദ്ധതിയെക്കുറിച്ച് ആശങ്കയുണ്ടെന്നും, ജനങ്ങൾക്ക് ഉപദ്രവ മാകാത്ത വിധത്തിൽ പദ്ധതി നടപ്പിലാക്കണം എന്നും അഭിപ്രായപ്പെട്ടു. അനാരോഗ്യം മൂലം പബ്ലിക് ഹിയറിങ്ങിൽ പങ്കെടുക്കാൻ കഴിയാതിരുന്ന പദ്ധതി പ്രദേശത്തിൻെറ (ഡിവിഷൻ 2) കൗൺസിലർ ശ്രീമതി അജുന ഹാഷിം പബ്ലിക് ഹിയറിങ്ങ് വേദിയിൽ ടെലിഫോണിൽ ബന്ധപ്പെട്ട് പദ്ധതിയെക്കുറിച്ച് ആശങ്ക അറിയിച്ചു,

ശാന്തി നഗർ റെസിഡൻസ് അസോസിയേഷൻ പ്രസിഡൻറ് ശ്രീ വേണുഗോപാലൻ പിള്ളയും പദ്ധതി നിർദ്ദിഷ്ട പ്രദേശത്ത് നടപ്പിലാക്കുന്നതിൽ ആശങ്ക രേഖപ്പെടുത്തി കൊണ്ട് പിന്നീട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് അഭിപ്രായം എഴുതി നൽകി.

പദ്ധതിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട സംശയങ്ങൾക്ക് കെ.എം.ആർ.എൽ. ഡെപ്യൂട്ടി മാനേജർ ശ്രീ എൽദോ വർഗീസ് മറുപടി പറഞ്ഞു.

സ്പെഷ്യൽ തഹസിൽദാർ, എൽ.എ.നമ്പർ 1 കാര്യാലയത്തിലെ ഉദ്യോഗസ്ഥരായ ശ്രീമതി ഹണി ഐസക് (വാല്യുവേഷൻ അസിസ്റ്റൻറ്), ശ്രീമതി സന്ധ്യ.സി.സി.(റവന്യൂ ഇൻസ്പെക്ടർ), ശ്രീമതി. ജിജി.സി.സി.(റവന്യൂ ഇൻസ്പെക്ടർ) എന്നിവരും കെ.എം.ആർ.എൽ. ഉദ്യോഗസ്ഥനായ ശ്രീ.എബ്രഹാം ഫിറ്റ്സ് ജെറാൾഡ് മൈക്കിൾ (സീനിയർ കൺസൾട്ടൻറ്–എൽ.എ.) എന്നിവരും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു. ശ്രീ.ബിജു സി.പി. (ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ.യൂണിറ്റ്) പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതവും, ശ്രീ.വിനയൻ വി.എസ്.(റിസേർച്ച് അസോസിയേറ്റ്, എസ്.ഐ.എ.യൂണിറ്റ്) നന്ദിയും പറഞ്ഞു.

പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ആശങ്കകളും, കെ.എം.ആർ.എൽ. കാര്യാലയത്തിലേക്ക് എസ്.ഐ.എ.യൂണിറ്റ് എഴുതി നൽകുകയും ആയതിന്

കെ.എം.ആർ.എൽ. കാര്യാലയത്തിൽ നിന്ന് മറുപടി ലഭിക്കുകയും ചെയ്തു. പ്രസ്തുത ചോദ്യങ്ങളും ഉത്തരങ്ങളും പട്ടിക 3.5.2.ൽ നൽകിയിരിക്കുന്നു

**പട്ടിക 3.5.1. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് കെ.എം .ആർ.എൽ. കാര്യാലയത്തിൽ നിന്നും ലഭിച്ച മറുപടികളും**

| ***ചോദ്യകർത്താവിൻെറ പേര്*** | ***ഉന്നയിക്കപ്പെട്ട ചോദ്യം/ആശങ്ക*** | ***കെ.എം.ആർ.എൽ.കാര്യാലയത്തിൽ നിന്നും ലഭിച്ച മറുപടി*** |
|---|---|---|
| ശ്രീമതി രാധാമണി, തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ | പദ്ധതി എന്താണ് എന്നും അതിൻെറ പ്രവർത്തനങ്ങൾ എന്താണെന്നും അറിയാത്തതിനാൽ ജനങ്ങൾക്കും ജനപ്രതിനിധികളായ ഞങ്ങൾക്കും ആശങ്കയുണ്ട്. ആയതിനാൽ പദ്ധതി നില വിൽ വരുന്നതിനു മുൻപേ തന്നെ ജനപ്രതിനിധികൾക്ക് കൃത്യമായി പദ്ധതി എന്താണെന്ന് ബോധ്യപ്പെടുത്തി തരണം. പദ്ധതിക്ക് എതിരല്ല. പക്ഷെ ജനങ്ങളുടെ ആശങ്ക അകറ്റി, ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നടപ്പിലാക്കണം. | നഗരത്തിൽ സ്ഥിതി ചെയ്യുന്ന വീടുകളിൽ നിന്നും ശുചിമുറി മാലിന്യം ശേഖരിച്ചു സംസ്കരിക്കുന്ന ഒരു സുപ്രധാന പദ്ധതിയാണ് ഇത്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിനും വേണ്ടി വിഭാവന ചെയ്തിരിക്കുന്ന ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. പദ്ധതിയെക്കുറിച്ച് വ്യക്തമായ ഒരു അവബോധം ലഭിക്കുന്നതിനായി ജനപ്രതിനിധികളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തിയുള്ള ഒരു ബോധവൽക്കരണ ക്യാമ്പ് ഉടൻ നടത്തുന്നതായിരിക്കും. |
| സുനീറ ഫിറോസ്, ക്ഷേമകാര്യ ചെയർപേഴ്സൺ | ജനങ്ങൾക്ക് ശരിയായി അറിവ് നൽകികൊണ്ട്, ജനങ്ങൾക്ക് ഉപദ്രവമാകാത്ത വിധത്തിൽ പദ്ധതി നടപ്പിലാക്കണം | നഗരത്തിൽ സ്ഥിതി ചെയ്യുന്ന വീടുകളിൽ നിന്നും ശുചിമുറി മാലിന്യം ശേഖരിച്ചു സംസ്കരിക്കുന്ന ഒരു സുപ്രധാന പദ്ധതിയാണ് ഇത്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിനും വേണ്ടി വിഭാവന ചെയ്തിരിക്കുന്ന ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. പദ്ധതിയെക്കുറിച്ച് വ്യക്തമായ ഒരു അവബോധം ലഭിക്കുന്നതിനായി ജനപ്രതിനിധികളെയും പ്രദേശവാസികളെയും |

| | | |
|---|---|---|
| | | ഉൾപ്പെടുത്തിയുള്ള ഒരു ബോധവൽക്കരണ ക്യാമ്പ് ഉടൻ നടത്തുന്നതായിരിക്കും |
| സോമി റെജി, കൗൺസിലർ, ഡിവിഷൻ: 30 & പൊതുമരാമത്ത് ചെയർപേഴ് സൺ | ഈ പദ്ധതിയെക്കുറിച്ച് ജനപ്രതിനിധികൾക്കോ ജനങ്ങൾക്കോ ധാരണയില്ല. പദ്ധതിയെക്കുറിച്ച് ശരിയായ ബോധവൽക്കരണം നൽകണം. ജനങ്ങൾക്ക് ഉപദ്രവമാകാത്ത പദ്ധതിയാണെങ്കിൽ മാത്രമേ ജനപ്രതിനിധികൾക്ക് സഹകരിക്കുവാൻ കഴിയൂ. പദ്ധതിയുടെ ഭാഗമായി റോഡ് കുത്തിപൊളിച്ച് കഴിഞ്ഞാൽ ഗതാഗതതടസം ഉണ്ടാകാതിരിക്കുന്നതിനും. റോഡ് പുന:സ്ഥാപി ക്കുന്നതിനുമുള്ള ഉത്തരവാദിത്തം മെട്രോ നിർവ്വഹിക്കണം. കനാലിലെ നീരൊഴുക്ക് സുഗമമാക്കുകയല്ലേ ആദ്യം ചെയ്യേണ്ടത്. ജനവാസമേഖലയായതിനാൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് ജാഗ്രതയോടുകൂടെ വേണം . | നഗരത്തിൽ സ്ഥിതി ചെയ്യുന്ന വീടുകളിൽ നിന്നും ശുചിമുറി മാലിന്യം ശേഖരിച്ചു സംസ്കരിക്കുന്ന ഒരു സുപ്രധാന പദ്ധതിയാണ് ഇത്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിനും വേണ്ടി വിഭാവന ചെയ്തിരിക്കുന്ന ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. പദ്ധതിയെക്കുറിച്ച് വ്യക്തമായ ഒരു അവബോധം ലഭിക്കുന്നതിനായി ജനപ്രതിനിധികളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തിയുള്ള ഒരു ബോധവൽക്കരണ ക്യാമ്പ് ഉടൻ നടത്തുന്നതായിരിക്കും. മലിനജലസംസ്കരണം നടക്കാത്തതിനാലാണ് കൊച്ചി നഗരത്തിലെ കനാലുകളെല്ലാം മലീമസമാകുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കനാലുകളുടെ നീരൊഴുക്ക് സുഗമമായി നടത്തുന്നതിന് വേണ്ടി കനാലുകളുടെ വീതി കൂട്ടുന്നതിന് വേ ണ്ടിയുള്ള സ്ഥലമെടുപ്പ് ജോലികൾ ജില്ലാ ഭരണകൂടം ധ്രുതഗതിയിൽ നടത്തികൊണ്ടിരിക്കുകയാണ്. നീരൊഴുക്ക് സുഗമമാക്കുന്നതിനൊപ്പം കനാലുകളിലേക്ക് ഒഴുകിയെത്തുന്ന മലിനജലം കൂടി സംസ്കരിച്ചില്ലെങ്കിൽ കനാലുകൾ വീണ്ടും മലീമസമാകും. |
| ശ്രീമതി. അജുന ഹാഷിം, കൗൺസിലർ, ഡിവിഷൻ: 2, ബി.എം.നഗർ | തൃക്കാക്കര നഗരസഭ 2–ാം വാർഡിൽ കൊയ്ക്കാലം പാടം പ്രദേശത്ത് കെ.എം.ആർ.എല്ലിന്റെ പുതിയ പ്രോജക്ടായ വെറ്റ് വെൽ പമ്പിംഗ് | നമ്മുടെ രാജ്യത്ത് അതിവേഗം വളർന്ന് വരുന്ന നഗരമായ കൊച്ചിയുടെ ഏറ്റവും വലിയ പോരായ്മകളിൽ ഒന്നാണ് മലിനജല സംസ്ക്കരണത്തിനുള്ള സൗകര്യം ഇല്ലാത്തത്. 10 ലക്ഷത്തോളം ജനങ്ങളുള്ള കൊച്ചി നഗരത്തിൽ പാർപ്പിടങ്ങളിൽ നിന്നു മാത്രം ഒരു ദിവസം ശരാശരി ഉൽപ്പാദിപ്പിക്കുന്നത് ഏകദേശം 150 |

| | | |
|---|---|---|
| | സ്റ്റേഷന് (IURWTS) വേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചതായി അറിഞ്ഞു. ടി സ്ഥലം ജനസാന്ദ്രതയുള്ള സ്ഥലമായതിനാലും കൂടാതെ ജനങ്ങളുടെ കടുത്ത പ്രതിഷേധം ഉണ്ടാകുവാൻ സാധ്യതയുള്ളതിനാലും ടി പ്രോജക്ട് അവിടെ നിന്ന് മാറ്റി അതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടുപിടിക്കണമെന്ന് താൽപ്പര്യപ്പെടുന്നു | ദശലക്ഷം ലിറ്റർ മലിന ജലമാണ്. എന്നാൽ നഗരത്തിൽ ഒരു ദിവസം ഇപ്പോൾ ആകെ സംസ്കരണം നടത്തുന്നത് 10 ദശലക്ഷത്തിൽ താഴെയാണ്<br>എല്ലാ വീടുകളിലും സെപ്റ്റിക് ടാങ്ക് സ്ഥാപിക്കാറുണ്ട്. എങ്കിലും കൊച്ചി നഗരത്തിൻെറ ഭൂപ്രകൃതി മൂലം ഇവിടുത്തെ ഭൂഗർഭ ജലനിരപ്പ് ഉയർന്നിരിക്കുന്നതിനാൽ ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണം പ്രസ്തുത ടാങ്കുകളിൽ നടക്കുന്നില്ല. തന്മൂലം നഗരത്തിലെ കിണറുകളും കനാലുകളും മറ്റു ജലാശയങ്ങളും അങ്ങേയറ്റം മലിനമായിരിക്കുകയാണ്. ഇക്കാരണത്താൽ പൊതു ജനങ്ങൾക്ക് സ്ഥിരമായി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു.<br>വെറ്റ് വെൽ സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് കണ്ടെത്തി യിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് വെറ്റ് വെൽ നിർമ്മിക്കുന്നത് മൂലം പരിസര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സാമൂഹികപരമായോ |
| *ശ്രീ. സി.വേണുഗോപാലൻ പിള്ള, പ്രസിഡൻറ്, ശാന്തിനഗർ റെസിഡൻസ് അസോസിയേഷൻ, മരോട്ടിച്ചോട്* | തൃക്കാക്കര നഗരസഭ 2-ാം വാർഡിൽ, ഞങ്ങളുടെ പരിസരപ്രദേശമായ കൊയ്ക്കാലം പാടം ലക്ഷ്യം വെച്ച് KMRL;IURWTS അടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് ആയ പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിക്കാൻ പോകുന്നു എന്ന് അറിയുന്നു. ഇത് ജനങ്ങൾ തിങ്ങി പാർക്കുന്ന ഈ മേഖലയിൽ നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന് | പാരിസ്ഥിതികപരമായോ ആരോഗ്യപരമായോ യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതല്ല. പ്രസ്തുത വെല്ലിനു ഏകദേശം 2 കിലോമീറ്റർ ചുറ്റളവിലുള്ള വീടുകളിൽ നിന്നുമുള്ള ശുചിമുറി മാലിന്യമാണ് ശേഖരിക്കുന്നത്.<br>നഗരത്തിൽ സ്ഥിതി ചെയ്യുന്ന വീടുകളിൽ നിന്നും ശുചിമുറി മാലിന്യം ശേഖരിച്ചു സംസ്കരിക്കുന്ന ഒരു സുപ്രധാന പദ്ധതിയാണ് ഇത്.<br>ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സാമൂഹിക ജീവിതം മെച്ചപ്പെടുന്നതിനും വേണ്ടി വിഭാവനം ചെയ്തിരി ക്കുന്ന ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. പദ്ധതിയെക്കുറിച്ച് വ്യക്തമായ ഒരു അവബോധം ലഭിക്കുന്നതിനായി ജനപ്രതിനിധികളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തിയുള്ള ഒരു |

| | | |
|---|---|---|
| | ഞങ്ങളുടെ എല്ലാ കുടുംബ നിവാസി കളുടെയും പൊതു അഭിപ്രായത്തെ മാനിച്ച് അഭ്യർത്ഥി ക്കുന്നു. | ബോധവൽക്കരണ ക്യാമ്പ് ഉടൻ നടത്തുന്നതായിരിക്കും. |

***തൃക്കാക്കര മുനിസിപ്പാലിറ്റി ഹാളിൽ 10/10/2024 തീയതി നടത്തിയ പബ്ലിക് ഹിയറിങ്ങിൻെറ ചിത്രങ്ങൾ***












# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ വാഴക്കാല വില്ലേജിൽ ഉൾപ്പെട്ട 134/7, 134/8 സർവെനമ്പറുകളിൽ നിന്നുള്ള ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി പ്രദേശം തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ 2 ൽ ഉൾപ്പെടുന്നു. പദ്ധതിപ്രദേശം കനാലിന് സമീപം ജനവാസമേഖലയോട് ചേർന്ന് കിടക്കുന്നു. പദ്ധതി പ്രദേശത്തിനു സമീപം വരെ മുനിസിപ്പാലിറ്റി റോഡുണ്ട്.

***ചിത്രം 4.1.1. പദ്ധതിപ്രദേശം***



## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

കൊച്ചിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന മാലിന്യ പ്രശ്നങ്ങളിൽ പ്രാധാന്യമുള്ള ഒന്നാണ് കൊച്ചിയുടെ കനാലുകളിലെ മലിനീകരണം. പ്രസ്തുത പ്രശ്നത്തിനു പരിഹാരമായും, കൊച്ചിയിലെ കനാലുകളെ പുനരുജ്ജീവിപ്പിച്ച് ജലഗതാഗതം പുനരാരംഭിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന IURWTS പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മലിനജല ശുചീകരണ പ്ലാൻറുകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണ

പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി കൊച്ചി മെട്രോപോളിറ്റൻ പ്രദേശത്തിൻെറ സുസ്ഥിതിയ്ക്കും വികസനത്തിനും, കൊച്ചി നിവാസികളുടെ ആരോഗ്യകരമായ ജീവിതത്തിനും അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്താവുന്നതാണ്.

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമൂലം ഉടമയ്ക്ക് കൈവശഭൂമി നഷ്ടമാകുന്നു എന്നത് മാത്രമാണ് പ്രത്യാഘാതമായി കാണുന്നത്. പദ്ധതി ബാധിത ഭൂമിയിൽ 2 തെങ്ങുകളുണ്ട്. ജനവാസ മേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശം പദ്ധതിക്കായി തെരഞ്ഞെടുത്തതിൽ പ്രദേശത്തെ ജനപതിനിധിക്കും പ്രദേശവാസികൾക്കും ആശങ്കയുണ്ട് എന്ന് മനസിലാക്കുന്നു.

## 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയ 2024 ജൂൺ 19 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നമ്പർ സി11-1034/23 വിജ്ഞാപനപ്രകാരം പദ്ധതിക്കായി ആവശ്യമായ് വന്നേക്കാവുന്നത് ഏകദേശം 0.1095 ഹെക്ടർ ഭൂമിയാണ്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കലിനായി മാർക്ക് ചെയ്തിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിലയിരുത്തുന്നു

## 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശം ജനവാസ മേഖലയോട് ചേർന്ന് കിടക്കുന്നു. പദ്ധതിപ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള ഭൂമി ഇല്ല.

## 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

നിർദ്ദിഷ്ട പദ്ധതിക്കായി നേരത്തെ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ വാങ്ങിക്കുകയോ ചെയ്തിട്ടില്ല.

## 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയ 2024 ജൂൺ 19 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നമ്പർ നമ്പർ സി11–1034/23 ഫോറം 4 വിജ്ഞാപനം അനുസരിച്ച് കണയന്നൂർ താലൂക്കിലെ വാഴക്കാല വില്ലേജിൽ ഉൾപ്പെടുന്ന 134/7, 134/8 സർവെ നമ്പറുകളിൽ നിന്ന് ഏകദേശം 0.1095 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ 2 ൽ ഉൾപ്പെടുന്നതാണ് പദ്ധതിപ്രദേശം

## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയ 2024 ജൂൺ 19 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നമ്പർ നമ്പർ സി11–1034/23 ഫോറം 4 വിജ്ഞാപനം അനുസരിച്ച് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി "പുരയിടം" വിഭാഗത്തിൽ പെടുന്നു. പദ്ധതി പ്രദേശം കൃഷിഭൂമിയല്ല. എന്നിരുന്നാലും പദ്ധതിപ്രദേശത്ത് 2 തെങ്ങുകളുണ്ട്. ടി സ്ഥലം ഭൂവുടമ കൈവശ ഭൂമിയായി ഉപയോഗിക്കുന്നു.

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്കായി വിജ്ഞാപനം ചെയ്തിരിക്കുന്നത് നിർമ്മിതികളില്ലാത്ത ഭൂമിയാണ്. ആയതിനാൽ പ്രസ്തുത ഭൂമി ഉടമകൾ കൈവശഭൂമിയായി മാത്രം ഉപയോഗിക്കുന്നതായി മനസിലാക്കുന്നു.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

കഴിഞ്ഞ 3 വർഷകാലത്തിനിടയിൽ പദ്ധതിപ്രദേശത്ത് കൈമാറ്റങ്ങൾ നടന്നതായ വിവരം ലഭിച്ചിട്ടില്ല. പ്രസ്തുത ഭൂമി ഉടമകൾ കൈവശസ്വത്തായി മാത്രം ഉപയോഗിക്കുന്നു എന്ന് പദ്ധതിപ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

വെറ്റ്വെൽ നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാ ഘാത ബാധിതരാകുന്നവരുടെ വിവരങ്ങളും പദ്ധതിബാധിതമാകുന്ന ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷ വുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതരായും, ഉപജീവനത്തിനോ, താമ സത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. നിർദ്ദിഷ്ട പദ്ധതിക്ക് പ്രത്യക്ഷ ആഘാതബാധിതർ മാത്രമേയുള്ളു.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

*വാഴക്കാല വില്ലേജിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച് ഏറ്റെടുക്കുവാനായി വിജ്ഞാപനം ചെയ്തിരിക്കുന്ന ബ്ലോക്ക് നമ്പർ 8 ൽ 134/7, 134/8 സർവെനമ്പറുകളുടെ ഉടമകൾ:*

| | |
|---|---|
| *134/7* | *1. ബേബി തോമസ്, എട്ടുറുത്തിൽ വീട്, എളമക്കര*<br>*2. മോളി പി.ജോസ്, കടവിൽ വീട്, പള്ളിപ്പുറം* |
| 134/8 | *ലെവിൻ തോമസ്, എട്ടുറുത്തിൽ വീട്, എളമക്കര* |

സർവ്വെനമ്പറുകളുടെ സബ് ഡിവിഷൻ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തിനാൽ മേൽപറഞ്ഞ 3 ഉടമകളിൽ ഏറ്റെടുക്കപ്പെടുന്ന ഭൂമി കൈവശമായ ഉടമകൾ ആരാണെന്ന് വ്യക്തതയില്ല. വില്ലേജിൽ നിന്ന് ലഭിച്ച വിലാസത്തിൽ ഉടമകളെ ബന്ധപ്പെടുവാൻ എസ്.ഐ.എ.യൂണിറ്റ് ഉടമകൾക്ക് 4(1) ഗസറ്റ് വിജ്ഞാപനത്തിൻെറ കോപ്പിയടക്കം രജിസ്റ്റേർഡ് തപാൽ അയച്ചിരുന്നു. 134/7 ൻെറ ഉടമയായ ബേബി തോമസിന് അയച്ച രജിസ്റ്റേർഡ് തപാലിൻെറ അക്നോളജ്മെൻറ് കാർഡ് എസ്.ഐ.എ. യൂണിറ്റിന് ലഭിച്ചു. എങ്കിലും നാളിതുവരെ ടി ഉടമ എസ്.എ.എ യൂണിറ്റ് നൽകിയ ഫോൺ നമ്പറുകളിലോ വിലാസത്തിലോ തിരികെ ബന്ധപ്പെട്ടിട്ടില്ല. മോളി. പി. ജോസിന് അയച്ച രജിസ്റ്റേർഡ് തപാൽ വിലാസക്കാരനെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന കുറിപ്പോടെ, എസ്.ഐ.എ.യൂണിറ്റിന് തിരികെ ലഭിച്ചു.

## 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതുവിഭവങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി യിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്ത് കുടുംബങ്ങൾ താമസിക്കുന്നില്ല

## 5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമി യിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളില്ല

## 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ല എന്നാണ് പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. എന്നിരുന്നാലും പദ്ധതിയെക്കുറിച്ച് ജനപ്രതിനിധിക്കും പ്രദേശവാസികൾക്കുമുള്ള ആശങ്കകൾ പദ്ധതിയുടെ പരോക്ഷ ആഘാതമായി കണ്ടുകൊണ്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിപ്രദേശത്ത് 2 തെങ്ങുകളുണ്ട്.

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിപ്രദേശത്തിൻെറ സാമൂഹിക-സാമ്പത്തിക പശ്ചാത്തലവും, പ്രദേശത്തെ സാംസ്കാരിക, സാമൂഹ്യസംഘടനകൾ മുതലായവ പദ്ധതി ബാധിതമാകുന്നുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിപ്രദേശത്ത് വീടോ മറ്റ് നിർമ്മിതികളോ ഇല്ല.

പദ്ധതിപ്രദേശം കനാലിന് സമീപം ജനവാസ സ്ഥലങ്ങളോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്.

## 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിബാധിതഭൂമിയുടെ ഉടമകളെ ബന്ധപ്പെടുവാൻ കഴിയാത്തതിനാൽ ടി വിവരങ്ങൾ ലഭിച്ചിട്ടില്ല

## 6.3. ദുർബല ജനവിഭാഗം

പദ്ധതിബാധിതഭൂമിയുടെ ഉടമകളെ ബന്ധപ്പെടുവാൻ കഴിയാത്തതിനാൽ ടി വിവരങ്ങൾ ലഭിച്ചിട്ടില്ല

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിർദ്ദിഷ്ട ഉടമ കൈവശ ഭൂമിയായി മാത്രം ഉപയോഗിക്കുന്നതായി പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറ അടിസ്ഥാനത്തിൽ മനസിലാക്കുന്നു

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവനഘടകങ്ങൾ പദ്ധതിബാധിതമാകുന്നില്ല

## 6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

സാമൂഹിക സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.8. ഭരണ സംഘടനകൾ

ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ പദ്ധതിപ്രദേശത്തില്ല.

## 6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

പദ്ധതിബാധിത ഭൂമി കൊച്ചി കോർപ്പറേഷനിലെ ഡിവിഷൻ 41 ൽ ഉൾപ്പെടുന്നു.

## 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതിപ്രദേശം തൃക്കാക്കര മുനിസിപ്പാലിറ്റി പരിധിക്കുള്ളിലുമാണ് എന്നതിനാൽ അവശ്യസൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഏതെങ്കിലും പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്കും, ടി പ്രദേശത്തെ വിവിധ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നവർക്കും പല വിധത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിമൂലം നഷ്ടമുണ്ടാകുന്നത് ഭൂവുടമയ്ക്ക് മാത്രമാണ്. ഭൂവുടമയ്ക്ക് പദ്ധതി പ്രദേശത്തെ കൈവശഭൂമി നഷ്ടമാകുന്നു. RFCTLARR Act 2013 ഉം ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പോളിസിയും അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകുക എന്നതാണ് നിയമാനുസൃതമായ പ്രത്യാഘാത ലഘൂകരണ നടപടി.

പദ്ധതിപ്രദേശത്തിൻെറ സമീപം താമസിക്കുന്ന കുടുംബങ്ങളും, ജനപ്രതിനിധിയും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് വലിയ ആശങ്കയിലാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. വെറ്റ് വെല്ലിൽ ശേഖരിക്കപ്പെടുന്ന മലിന ജലം ഭാവിയിൽ പ്രദേശത്തെ കിണറുകളെയും മണ്ണിനെയും മലീമസമാക്കിയേക്കാമെന്നും, പദ്ധതിനിർവഹണത്തിനുശേഷം ഉണ്ടാകുവാനിടയുള്ള ചോർച്ച, പൈപ്പുകളിൽ ഉണ്ടാകു വാനിടയുള്ള ബ്ലോക്ക് എന്നിവ മൂലം പരിസരമലിനീകരണവും ദുർഗന്ധവും ഉണ്ടായേക്കാ മെന്നും പ്രദേശവാസികൾ ആശങ്കപ്പെടുന്നു. ആയതിനാൽ പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുള്ള ആശങ്ക ദൂരീകരിക്കുക എന്നത് പ്രത്യാഘാത ലഘൂകരണത്തിൻെറ ഭാഗമായി കണേണ്ടതാണ്. പദ്ധതി പ്രദേശത്തിൻെറ പരിസ്ഥിതി ക്കും, സ്വസ്ഥമായ ജനവാസത്തിനും ഭംഗം നേരിടാത്ത വിധത്തിൽ ശാസ്ത്രീയമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ് വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷണവും, പരിപാലനവും, കാലാകാലങ്ങളിൽ വേണ്ടിവരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവ്വഹിക്ക പ്പെടുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാ ക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത നടപടികൾ പ്രദേശവാസികളെയും ജനപ്രതിനി

ധിയെയും സുതാര്യതയോടു കൂടി ബോധ്യപ്പെടുത്തി, അവരുടെ ആശങ്കകൾ ദൂരികരിച്ചു കൊണ്ട് പദ്ധതി നിർവഹണം നടപ്പിലാക്കണം.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരവും ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകുക. കൂടാതെ ഇനി പറയുന്ന നിർദ്ദേശങ്ങളും പ്രത്യാഘാത ലഘൂകരണത്തിനായി പരിഗണിക്കുക.

- പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതിന് മുൻപ്, പദ്ധതി നിർമ്മാണ വുമായി ബന്ധപ്പെട്ട് ഭൂവുടമയുടെ ആശങ്ക ദൂരീകരിക്കുന്നതിനും ജനപ്രതിനിധികൾ, പ്രദേശവാസികൾ ഉൾപ്പെടുന്ന റെസിഡൻറ്സ് അസോസിയേഷൻ എന്നിവരുമായി സഹകരിച്ച് ജനങ്ങളുടെ ആശങ്കകൾ ദുരീകരിക്കുന്നതിനും പ്രഥമ പരിഗണന നൽകണം.

- പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങളും, പദ്ധതി നിർവ്വഹണത്തിനു ശേഷം തുടർനടത്തിപ്പിനും അറ്റകുറ്റപണികൾക്കും മേൽനോട്ടത്തിനും കൈക്കൊള്ളുവാൻ തീരുമാനിക്കപ്പെട്ടിട്ടുള്ള നടപടികളെക്കുറിച്ചും പരിസരവാസികൾക്കും ജനപ്രതിനിധികൾക്കും കൃത്യമായ വിവരം നൽകണം.

- പ്രദേശത്തിൻെറ പരിസ്ഥിതിക്കും, സ്വസ്ഥമായ ജനവാസത്തിനും ഭംഗം നേരിടാത്ത വിധത്തിൽ ശാസ്ത്രീയമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ്വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷണവും, പരിപാലനവും, കാലാകാലങ്ങളിൽ വേണ്ടി വരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവ്വഹിക്കപ്പെടുന്നതിനുള്ള നടപടികളും

ആസൂത്രണം ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നു എന്ന് പദ്ധതി നിർവ്വാഹകർ ഉറപ്പ് വരുത്തേണ്ടതാണ്

## 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ നടപ്പിൽ വന്ന കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാ പനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരമുള്ള നടപടിക്രമങ്ങൾ കണ യന്നൂർ താലൂക്കിലെ വാഴക്കാല വില്ലേജിൽ ഉൾപ്പെട്ട 134/7, 134/8 സർവ്വെ നമ്പറുകളിൽ നിന്ന് ഏകദേശം 0.1095 ഹെക്ടർ ഭൂമി വെറ്റ്വെൽ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന പദ്ധതിക്ക് ബാധകമാണ്.

## 7.4. പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താ വിച്ചിട്ടുള്ള നടപടികൾ

കേരള സംസ്ഥാന സർക്കാർ തീരദേശ ഷിപ്പിങ്ങ് ആൻറ് ഉൾനാടൻ ജല ഗതാഗത വകു പ്പിൻെറ ഉത്തരവ് G.O.(MS)No.01/2021/CSIND പ്രകാരം സംയോജിത നഗര പുനർ ജീവന ജലഗതാഗത പദ്ധതിക്ക് (IURWTS) ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 437.27 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വെണ്ണല മലിനജല സംസ്ക്കരണ പ്ലാൻറിൻെറ അനുബന്ധ സംവിധാനങ്ങളായ വെറ്റ് വെല്ലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേ റ്റെടുക്കലിന് 14.83 കോടി രൂപ ഉൾപ്പടെ വെണ്ണല മലിനജല ശുദ്ധീകരണ പ്ലാൻറും വെറ്റ് വെല്ലുകളും പമ്പിംഗ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിന് പ്രതീക്ഷിത ചെലവായി കണക്കാ ക്കിയിരിക്കുന്നത് 465.68 കോടി രൂപയാണ് എന്ന് അർത്ഥനാധികാരി അറിയിച്ചു.

## 7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

മലിനജല സംസ്കരണം നടത്തി കനലുകളെ പുനരുജ്ജീവിപ്പിക്കുയും, നഗരത്തിലെ വെള്ളപ്പൊക്കത്തിന് പരിഹാരം കാണ്ടെത്തുകയും, അതുവഴി കൊച്ചിയുടെയും അതിനു ചുറ്റുപാടുമുള്ള മെട്രോപോളിറ്റൻ പ്രദേശങ്ങളുടെയും ജനങ്ങളുടെ ആരോഗ്യപരവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പ് വരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു വലിയ പദ്ധതിയുടെ ഭാഗമായിട്ടാണ് വെറ്റ് വെല്ലുകൾ നിർമ്മിക്കപ്പെടുന്നത്. എന്നിരുന്നാലും പദ്ധതി പ്രദേശം ജനവാസ മേഖലയോട് ചേർന്ന് കിടക്കുന്നതിനാൽ, പദ്ധതി പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിസരവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കുമോ എന്ന് പദ്ധതിപ്രദേശത്തിന് സമീപമുള്ള കുടുംബങ്ങൾക്ക് ആശങ്കയുണ്ടെന്ന് എസ്.ഐ.എ.യൂണിറ്റ് മനസിലാക്കുന്നു. ആയതിനാൽ പ്രദേശത്തിൻെറ പരിസ്ഥിതിക്കും, സ്വസ്ഥമായ ജനവാസത്തിനും ഭംഗം നേരിടാത്ത വിധത്തിൽ ശാസ്ത്രീയമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ് വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷണവും, പരിപാലനവും, കാലാകാലങ്ങളിൽ വേണ്ടി വരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവ്വഹിക്കപ്പെടുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നു എന്ന് പദ്ധതി നിർവ്വാഹകർ ഉറപ്പ് വരുത്തേണ്ട താണ്.

## 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/ 2015/RD നയം പ്രകാരം ഭൂവുടമയ്ക്ക് നഷ്ടപരിഹാരം

നൽകുക എന്നതാണ് നിയമാനുസൃതമായ ലഘൂകരണ നടപടി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി**

| **പ്രതീക്ഷിക്കുന്ന പ്രത്യാഘാതം** | **പ്രത്യാഘാത ലഘൂകരണം** | **നിരീക്ഷണ സൂചികകൾ** | **സമയക്രമം** |
|---|---|---|---|
| കൈവശഭൂമി നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസി പ്രകാരവും നഷ്ട പരിഹാരം നൽകുക | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമയെ ബോധ്യപ്പെടുത്തൽ | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമുള്ള സമയക്രമം |
| പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള സാധ്യത | ശാസ്ത്രീയമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ് വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷണവും, പരിപാലനവും, കാലാകാലങ്ങളിൽ വേണ്ടിവരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവഹി | പ്രദേശത്തിൻെറ പരിസ്ഥിതിക്കും, സുഗമമായ ജനവാസത്തിനും പ്രദേശവാസികളുടെ ആരോഗ്യത്തിനും ഹാനികരമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ | |

| | | | |
|---|---|---|---|
| | ക്കപ്പെടുന്നതിനുള്ള നട പടികളും ആസൂത്ര ണം ചെയ്തുകൊണ്ടുള്ള പദ്ധതി നിർവഹണം | | |
| പദ്ധതിയുമായ് ബന്ധപ്പെട്ട് പരിസരവാസിക ൾക്കുള്ള ആശങ്കകൾ | പദ്ധതി നിർമ്മാണവു മായി ബന്ധപ്പെട്ട സാ ങ്കേതിക വിവരങ്ങളും, പദ്ധതിനിർവ്വഹണത്തി നുശേഷം തുടർനട ത്തിപ്പിനും അറ്റകുറ്റ പണികൾക്കും മേൽ നോട്ടത്തിനും കൈ ക്കൊള്ളുവാൻ തീരു മാനിക്കപ്പെട്ടിട്ടുള്ള നടപടികളെക്കുറിച്ചും പരിസരവാസികൾക്കും ജനപ്രതിനിധിക്കും കൃത്യമായ അറിവും ബോധവൽക്കരണവും നൽകുക | പൊതു സമൂഹത്തിൻെറ ആശങ്കകൾക്ക് പരിഗണന നൽകൽ | |

## 7.7. സാമൂഹ്യ പ്രത്യാഘാഘ ലഘൂകരണത്തിനായ് അർത്ഥനാധി കാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽ കാത്ത നടപടികളും

പദ്ധതി പ്രദേശം ജനവാസ മേഖലയോട് ചേർന്ന് കിടക്കുന്നതിനാൽ പ്രദേശത്തിൻെറ പരിസ്ഥിതിക്കും, സ്വസ്ഥമായ ജനവാസത്തിനും ഭംഗം നേരിടാത്ത വിധത്തിൽ ശാസ്ത്രീ യമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ് വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷണവും, പരിപാലനവും, കാലാകാലങ്ങളിൽ

വേണ്ടി വരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവ്വഹിക്ക പ്പെടുന്നതിനുള്ള നടപടികളും ആസൂത്രണം ചെയ്യുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കേണ്ടതാണ്

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

## 8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തര വാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുന:രധിവാസ പുന:സ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുന:രധിവാസ–പുന:സ്ഥാപന കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ഡെപ്പ്യൂട്ടി കളക്ടർ കൊച്ചി മെട്രോ, എറണാകുളം ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ നിർദ്ദിഷ്ട പദ്ധതിയുടെ RFCT LARR നിയമം 2013 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 1, എറണാകുളം നിയമിക്കപ്പെട്ടിരിക്കുന്നു.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ

സർക്കാർ ഉത്തരവ് G.O.(MS)No.56/2019/RD.പ്രകാരം സംസ്ഥാന തലത്തിൽ നിയോഗി ക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുന:രധിവാസ–പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിൻമേൽ ജില്ലാകളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി, ആവശ്യമായ ഭേദഗതികൾ വരുത്തി, തയ്യാറാക്കപ്പെട്ട്, ജില്ലാകളക്ടറുടെ അംഗീകാരം നേടിയ ഭൂമി വിലയും, 9/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുനസ്ഥാപന പാക്കേജ് പ്രകാരമുള്ള തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷങ്ങളുടെ വില, മറ്റ് ആസ്തികളുടെ വില എന്നിവയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിത ഭൂവുടമയോട് വിശദീകരിക്കും. പദ്ധതിബാധിത ഭൂവുടമയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാകളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുന:രധിവാസ–പുന:സ്ഥാപന പാക്കേജും പദ്ധതി ബാധിത ഭൂവുടമ യ്ക്ക് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

## 8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ

നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ വാഴക്കാല വില്ലേജിൽ നിന്ന് ഏകദേശം 0.1095 ഹെക്ടർ ഭൂമി IURWTS പദ്ധതിയുടെ ഭാഗമായി വെറ്റ് വെൽ പമ്പിങ്ങ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി, കൊച്ചി എന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിനെ 19/6/2024 തീയതിയിലെ നമ്പർ സി11-1034/23 വിജ്ഞാപനത്തിലൂടെ ജില്ലാകളക്ടർ, എറണാകുളം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

## 8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കാര്യക്ഷമതാ നിർമ്മാണ പദ്ധതിക ആവശ്യം വരുന്നില്ല. നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരളസംസ്ഥാന റവന്യൂ(ബി) വകുപ്പ് 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം നഷ്ടപരിഹാരം നൽകുക എന്നത് മാത്രമേ നിലവിലെ രൂപരേഖപ്രകാരം നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ആവശ്യമായി വരുന്നുള്ളു.

## 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

RFCT LARR നിയമം 2013 ൻെറ വെളിച്ചത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധി

വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015, ടി നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/ 2015/RD നയം അനുശാസിക്കുന്ന സമയക്രമം നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

നിർദ്ദിഷ്ട പദ്ധതിക്ക് പുനരധിവാസ–പുനസ്ഥാപന പാക്കേജ് ആവശ്യമായി വരുന്നില്ല. ഭൂമി വിലയും ഭൂമിയിലുള്ള വൃക്ഷങ്ങൾക്കുള്ള വിലയും മാത്രമാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന ചെലവ്

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സാമ്പത്തിക രൂപരേഖ തയ്യാറാക്കുന്നതിന് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 1, എറണാകുളം ചുമതലപ്പെട്ടിരിക്കുന്നു.

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരള സംസ്ഥാന സർക്കാർ തീരദേശ ഷിപ്പിങ്ങ് ആൻറ് ഉൾനാടൻ ജലഗതാഗത വകുപ്പിൻെറ ഉത്തരവ് G.O.(MS)No.01/2021/CSIND പ്രകാരം സംയോജിത നഗര പുനർ ജീവന ജലഗതാഗത പദ്ധതിക്ക് (IURWTS) 1528.27 കോടി രൂപ ചെലവഴിക്കുവാനാണ് അനുമതി ലഭിച്ചിരിക്കുന്നത്. വെണ്ണല മലിനജല സംസ്ക്കരണ പ്ലാൻറ് നിർമ്മാണ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ പ്രകാരം വെണ്ണല മലിനജല സംസ്ക്കരണ പ്ലാൻറിൻെറ അനുബന്ധ സംവിധാനങ്ങളായ വെറ്റ് വെല്ലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലിന് 14.83 കോടി രൂപ ഉൾപ്പടെ പ്ലാൻറും വെറ്റ് വെല്ലുകളും പമ്പിംഗ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിന് പ്രതീക്ഷിത ചെലവായി കണക്കാക്കിയിരിക്കുന്നത് 465.68 കോടി രൂപയാണ്.

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽ നോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ ന്യായമായ വിലയും നഷ്ടപരിഹാരവും
- പ്രദേശത്തിൻെറ പരിസ്ഥിതിക്കും ജനവാസത്തിനും ദോഷം വരാത്ത വിധത്തിലുള്ള പദ്ധതിനിർമ്മാണവും, നിർവഹണവും, നടത്തിപ്പും

## 10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ 1, എറണാകുളം ആണ്

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

നിർദ്ദിഷ്ട പദ്ധതിക്ക് സ്വതന്ത്ര മൂല്യനിർണ്ണയം വിഭാവന ചെയ്തിട്ടില്ല.

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

## 11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്ര തയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീ കരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

മാലിന്യങ്ങൾ, വെള്ളക്കെട്ട്, പകർച്ചവ്യാധികൾ തുടങ്ങിയ പ്രശ്നങ്ങൾ കൊച്ചിയിലെയും അതിനു ചുറ്റുപാടുമുള്ള മെട്രോപോളിറ്റൻ പ്രദേശങ്ങളിലെയും പരിസ്ഥിതിക്കും മനുഷ്യൻ ഉൾപ്പടെയുള്ള ജീവജാലങ്ങളുടെ ആരോഗ്യപരമായ നിലനിൽപ്പിനും ഭീഷണിയാകുന്ന വിധത്തിൽ ഏറിവരുന്നു എന്നത് അവഗണിക്കാനാകാത്ത ഒരു യാഥാർത്ഥ്യമാണ്. ഇത്തരു ണത്തിൽ കൊച്ചിയുടെ കനാലുകളുടെ ശോചനീയമായ അവസ്ഥയെക്കുറിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ, സൗത്ത് സോൺ, ചെന്നൈ, സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് ഇടപെടൽ നടത്തിയത് കൊച്ചിയിലെ കനാലുകളുടെ ശുചീകരണം വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കേണ്ടതിൻെറ ആവശ്യകതയ്ക്ക് ഊന്നൽ കൂട്ടുന്നു. ഒരു കാലത്ത് കൊച്ചിയുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുകയും, പ്രധാന ഗതാഗത മാർഗവു മായിരുന്ന കായലുകൾ  ഇന്ന് കൊച്ചിയിലെ മുഴുവൻ മാലിന്യങ്ങളും പേറി ഒഴുകുന്നു.

പായലും, പോളയും, ഖരമാലിന്യങ്ങളും, ചെളിയും നിറഞ്ഞതിനാൽ കായലുകളിലെ നീരൊഴുക്ക് തടസപ്പെട്ട നിലയിലാണ്. കേരളത്തിൽ 2018 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൊച്ചിയിലെ വീടുകളിലും റോഡുകളിലും കനാലുകളിലെ മലിന ജലം ഒഴുകിയെത്തി യതും, തുടർന്നും വർഷക്കാലത്ത് കനാലുകളുടെ സമീപത്തുള്ള വീടുകളിൽ കനാലു കളിലെ മലിനജലം നിറയുന്നതും ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ആയതി നാൽ കൊച്ചിയിലെ കനാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനു മായി കേരള സംസ്ഥാന സർക്കാർ തീരദേശ ഷിപ്പിങ്ങ് ആൻറ് ഉൾനാടൻ ജലഗതാഗത വകുപ്പിൻെറ ഉത്തരവ് G.O.(MS)No.01/2021/CSIND പ്രകാരം സംയോജിത നഗര പുനർജീവന ജലഗതാഗത പദ്ധതിക്ക് (IURWTS) രൂപം നൽകി.  മലിനജല സംസ്കരണം നടത്തി കനലുകളെ പുനരുജ്ജീവിപ്പിക്കുയും, നഗരത്തിലെ വെള്ളപ്പൊക്കത്തിന് പരിഹാരം കാണ്ടെത്തുകയും, അതുവഴി ജനങ്ങളുടെ ആരോഗ്യപരവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പ് വരുത്തുകയും ചെയ്യുക എന്നിവ ടി പദ്ധതി ലക്ഷ്യമിടുന്നു.  കൂടാതെ

കനാലുകളുടെ വികസനത്തിലൂടെ ഗതാഗത സൗകര്യവും വിനോദസഞ്ചാര സാധ്യതകളും മെച്ചപ്പെടുത്താനാകും. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മലിനജല പ്ലാൻറിൻെറ അനുബന്ധ സംവിധാനമായ വെറ്റ് വെൽ നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഭൂമി ഏറ്റെടുക്കൽ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് എന്നതിനാൽ പദ്ധതിയുടെ പൊതു ആവശ്യകത ഒഴിവാക്കാനാകാത്തതാണ്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് ഏകദേശം 0.0980 ഹെക്ടർ ഭൂമിയാണ്. പ്രസ്തുത സർവ്വെ നമ്പറുകളിലുള്ള ഉടമകളുടെ എണ്ണം 3 ആണെന്ന് മനസിലാക്കുന്നു. കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ, ഉപജീവനമാർഗം നഷ്ടമാകൽ എന്നിങ്ങനെയുള്ള വലിയ പ്രത്യാഘാതങ്ങൾക്ക് പദ്ധതി കാരണമാകുന്നില്ല. കൂടാതെ പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ല. ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്തുള്ള കൈവശ ഭൂമി നഷ്ടമാകുന്നു എന്നതാണ് പദ്ധതിയുടെ പ്രത്യാഘാതമായി കാണുന്നത്.

പദ്ധതിപ്രദേശം ജനവാസ മേഖലയായതിനാൽ വെറ്റ്വെല്ലിൽ ശേഖരിക്കപ്പെടുന്ന മലിന ജലം പരിസരപ്രദേശത്തുള്ള കുടിവെള്ളസ്രോതസുകൾ മലിനമാക്കിയേക്കാം എന്നും മലിന ജലം ഒഴുകിയെത്തുന്ന പൈപ്പുകളിൽ തടസങ്ങളോ ചോർച്ചയോ ഉണ്ടായാൽ ദുർഗന്ധവും പരിസരമലിനീകരണവും ഉണ്ടായേക്കാം എന്നും തന്മൂലം പ്രദേശത്തെ തുടർ ജീവിതം അനാരോഗ്യകരമായേക്കാം എന്നും പ്രദേശത്തെ ജനപ്രതിനിധിയും പരിസരവാസികളും ആശങ്കപ്പെടുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതത്തോടൊപ്പം പ്രദേശവാസികളുടെ ആശങ്കയും ദൂരീകരണ നടപടികളിൽ പരിഗണിക്കപ്പെടേണ്ടതാണ്. നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി ഭൂവുടമയുടെ നഷ്ടം ലഘൂകരിക്കുക എന്നതോടൊപ്പം പദ്ധതിയുടെ സാങ്കേതികവും ശാസ്ത്രീയവുമായ വിവരങ്ങൾ കൃത്യമായി ജനപ്രതിനിധിയെയും പ്രദേശവാസികളെയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ പദ്ധതി നടത്തിപ്പിനു മുൻപേ സ്വീകരിക്കുന്നത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സഹായകമാകും.

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലും, പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടും മേൽ വിവരിച്ചിട്ടുള്ള പ്രത്യാഘാതങ്ങളുണ്ടെന്നിരിക്കിലും, കൊച്ചി നഗരവും അനുബന്ധ പ്രദേശങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരമായി

ആസൂത്രണം ചെയ്തിരിക്കുന്ന ഒരു പദ്ധതിയുടെ ഭാഗമാണ് നിർദ്ദിഷ്ട വെറ്റ്‌വെൽ നിർമ്മാണ പദ്ധതി എന്നതിനാൽ ടി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നത് നിസ്തർക്കമാണ്. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, എന്നിവയുടെ വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പോളിസി പ്രകാരം ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകുന്നതോടൊപ്പം താഴെ പറഞ്ഞിരിക്കുന്ന ശുപാർശകളും കൂടി പരിഗണിച്ചുകൊണ്ട് ഇടപ്പള്ളി കനാൽ (പുറവങ്കര സമീപം) വെറ്റ്‌വെൽ പമ്പിങ്ങ് സ്റ്റേഷൻ നിർമ്മാണ ത്തിനായി വാഴക്കാല വില്ലേജിൽ ബ്ലോക്ക് നമ്പർ 8 ൽ ഉൾപ്പെടുന്ന 134/7, 134/8 എന്നീ സർവ്വെ നമ്പരുകളിൽ നിന്നും ഏകദേശം 0.1095 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ശുപാർശചെയ്യുന്നു.

- പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതിന് മുൻപ്, പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂവുടമയുടെ ആശങ്ക ദൂരീകരിക്കുന്നതിനും ജനപ്രതിനിധികൾ, പ്രദേശവാസികൾ ഉൾപ്പെടുന്ന റെസിഡൻറ്സ് അസോ സിയേഷൻ എന്നിവരുമായി സഹകരിച്ച് ജനങ്ങളുടെ ആശങ്കകൾ ദുരീകരിക്കുന്നതിനും പ്രഥമ പരിഗണന നൽകണം.

- പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങളും, പദ്ധതി നിർവ്വഹണത്തിനു ശേഷം തുടർനടത്തിപ്പിനും അറ്റകുറ്റപണികൾക്കും മേൽനോട്ടത്തിനും കൈക്കൊ ള്ളുവാൻ തീരുമാനിക്കപ്പെട്ടിട്ടുള്ള നടപടികളെക്കുറിച്ചും പരിസരവാസികൾക്കും ജനപ്രതിനിധികൾക്കും കൃത്യമായ വിവരം നൽകണം.

- പ്രദേശത്തിൻെറ പരിസ്ഥിതിക്കും, സ്വസ്ഥമായ ജനവാസത്തിനും ഭംഗം നേരിടാ ത്ത വിധത്തിൽ ശാസ്ത്രീയമായി മികവുറ്റ വിധത്തിലുള്ള പദ്ധതി നിർമ്മാണവും, വെറ്റ്‌വെല്ലിൻെറയും അനുബന്ധ സംവിധാനങ്ങളുടെയും പ്രവർത്തന നിരീക്ഷ ണവും, പരിപാലനവും, കാലാകാലങ്ങളിൽ വേണ്ടി വരുന്ന അറ്റകുറ്റ പണികളും സമയാധിഷ്ടിതമായും കൃത്യമായും നിർവ്വഹിക്കപ്പെടുന്നതിനുള്ള നടപടികളും

ആസൂത്രണം ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നു എന്ന് പദ്ധതി നിർവ്വാഹകർ ഉറപ്പ് വരുത്തേണ്ടതാണ്

.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പിന്റെ 29.12.2017 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.448/2017/RD പ്രകാരം സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കു ന്നതിന് പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജിനുള്ള നയം
5. 2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2167 ൽ പ്രസിദ്ധപ്പെടുത്തിയ 19/06/2024 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ വിജ്ഞാപനംനമ്പർ സി11–1034/23
6. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കൊച്ചി കാര്യാലയത്തിൽ നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ